REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-12-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ മൂന്ന് ദിവസത്തെ ദേശീയ സമ്മേളനം ന്യൂഡൽഹിയിൽ തുടങ്ങി.**
- **രാജ്യ വ്യാപകമായി പൊതു ഭീകരവിരുദ്ധ സ്ക്വാഡ് സംവിധാനം രൂപീകരിക്കണമെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ.**
- **സംസ്ഥാനത്തെ ഗ്രാമ- ബ്ലോക്ക് - ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരെയും വൈസ് പ്രസിഡന്റുമാരെയും ഇന്ന് തെരഞ്ഞെടുക്കും**
- **ശബരിമലയിൽ മണ്ഡലപൂജ രാവിലെ. മണ്ഡലകാലത്തിന് ഇന്ന് സമാപനം.**
- **ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി 20 ക്രിക്കറ്റ് പരമ്പര ഇന്ത്യക്ക്.**

## വാർത്തകൾ വിശദമായി

സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ അഞ്ചാമത് ദേശീയ സമ്മേളനം ഇന്നലെ ന്യൂഡൽഹിയിൽ തുടങ്ങി. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിലാണ് മൂന്ന് ദിവസത്തെ യോഗം. ദേശീയ വികസനത്തിന് മുൻഗണന നൽകി കേന്ദ്ര-സംസ്ഥാന പങ്കാളിത്തം ശക്തിപ്പെടുത്തുകയാണ് യോഗത്തിന്റെ ലക്ഷ്യം. സഹകരണ ഫെഡറലിസം എന്ന പ്രധാനമന്ത്രിയുടെ ദർശനത്തിന് ഊന്നൽ നൽകിയാണ് സമ്മേളനം. കേന്ദ്ര-സംസ്ഥാന സംയുക്ത പ്രവർത്തനങ്ങളിലൂടെ മാനവ-വിഭവ ശേഷിയും ഭാവിക്ക് അനുസൃതമായ വളർച്ചയും വേഗവും കൈവരിക്കാനാണ് സമ്മേളനം ലക്ഷ്യമിടുന്നത്.

വികസിത ഭാരതത്തിന് മനുഷ്യ മൂലധനം എന്ന പ്രമേയത്തിലൂടെ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും സ്വീകരിക്കാവുന്ന മികച്ച പ്രവർത്തനങ്ങൾക്കും തന്ത്രങ്ങൾക്കും സമ്മേളനം രൂപം നൽകും. ശിശു വിദ്യാഭ്യാസം, സ്കൂൾ പഠനം, നൈപുണ്യം, ഉന്നത വിദ്യാഭ്യാസം, കായിക - പാഠ്യേതര പ്രവർത്തനങ്ങൾ എന്നീ അഞ്ച് മേഖലകൾക്ക് പ്രാമുഖ്യം നൽകിയായിരിക്കും സമ്മേളനത്തിലെ ചർച്ചകൾ.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ നാലു ദിവസത്തെ ഗോവ-കർണാടക-ജാർഖണ്ഡ് സന്ദർശനം ഇന്ന് ആരംഭിക്കും. വൈകിട്ട് ഗോവയിലെത്തുന്ന രാഷ്ട്രപതി നാളെ കർണാടകയിലെ കാർവാറിൽ അന്തർവാഹിനിയിൽ അല്പനേരം സഞ്ചരിക്കും. തിങ്കളാഴ്ച -ജാർഖണ്ഡിലെ ജംഷഡ്പൂരിൽ 'ഒൽ' ചിക്കി ലിപിയുടെ ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുക്കും. സാന്താളി ഭാഷയ്ക്ക് വേണ്ടി 1925ലാണ് രഘുനാഥ് മുർമു പുതിയ ലിപി തയ്യാറാക്കിയത്.

ജംഷഡ്പൂർ NIT യുടെ 15-ാം ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും. ചൊവ്വാഴ്ച ജാർഖണ്ഡിലെ ഗുംലയിൽ അന്തർ-രാജീയ ജന സാംസ്കൃതിക് സംഗമം സമാരോഹ് കാർത്തിക് ജാത്രയെ രാഷ്ട്രപതി അഭിസംബോധന ചെയ്യും.

✪✪✪

രാജ്യത്തിന്റെ  വികസന യാത്രയിലെ നിർണായക അധ്യായമായിരുന്നു 2025. 'പരിഷ്കാരങ്ങളുടെ വർഷം' എന്ന പ്രത്യേക പരമ്പരയിൽ ഇന്ന് 2025-ൽ നികുതി മേഖലയിലെ ഇന്ത്യയുടെ പുരോഗതിയെക്കുറിച്ച് ഒരു റിപ്പോർട്ട്.

....വോയ്സ്.....

വരുംതലമുറ GST പരിഷ്കാരങ്ങളാണ് ഈ വർഷത്തെ നികുതി പരിഷ്കരണങ്ങളിൽ പ്രധാനപ്പെട്ടത്. എട്ട് വർഷമായി നരേന്ദ്രമോദി ഗവൺമെന്റ് നടപ്പാക്കി വരുന്ന നികുതി പരിഷ്കാരങ്ങളിൽ പരിവർത്തനത്തിന്റെ പ്രമുഖ സ്തംഭമായിരുന്നു ഇത്. 2017-ൽ GST അവതരിപ്പിച്ച് ഇന്ത്യയെ ഒരൊറ്റ വിപണിയായി ഏകീകരിച്ച് ശേഷവും ഒന്നിലധികം നികുതി സ്ലാബുകൾ, വിഭാഗ തർക്കങ്ങൾ, സങ്കീർണ്ണതകൾ എന്നിവ തുടർന്നു. എന്നാൽ ഈ വർഷം നികുതി പരിഷ്കരണങ്ങളിലൂടെ GST, 5 ശതമാനം 18 ശതമാനം എന്നിങ്ങനെ രണ്ട് പ്രധാന സ്ലാബുകളായി യുക്തിസഹമാക്കി.

GST ഇളവുകളും ആദായനികുതി ഇളവുകളും വഴി ജനങ്ങൾക്ക് പ്രതിവർഷം രണ്ടര ലക്ഷം കോടി രൂപ ലാഭിക്കാനാകുമെന്നാണ് പ്രതീക്ഷ. ഇൻഷുറൻസ് പ്രീമിയത്തിന് GST പൂർണമായി ഒഴിവാക്കി.

ആദായനികുതി പരിഷ്കാരങ്ങൾ മധ്യവർഗത്തിന് വലിയ ആശ്വാസം നൽകി. ആദായ നികുതി ഇളവ് പരിധി 2014 ലെ രണ്ട് ലക്ഷം രൂപയിൽ നിന്ന് ഈ വർഷം 12 ലക്ഷം രൂപയായി ഉയർന്നു.

✪✪✪

രാജ്യ വ്യാപകമായി പൊതു ഭീകരവിരുദ്ധ സ്ക്വാഡ് സംവിധാനം രൂപീകരിക്കണമെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ നിർദേശിച്ചു. എത്രയും വേഗം ATS ന് രൂപം നൽകാൻ അദ്ദേഹം സംസ്ഥാന പൊലീസ് മേധാവികൾക്ക് നിർദേശം നൽകി. ന്യൂഡൽഹിയിൽ NIA സംഘടിപ്പിച്ച രണ്ട് ദിവസത്തെ ആന്റി ടെററിസം കോൺഫറൻസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അമിത്ഷാ.

ഡെസ്ക് റിപ്പോർട്ട്....

........വോയ്സ്......

ഭീകരപ്രവർത്തനങ്ങളോട് ദാക്ഷിണ്യ രഹിതമായ നടപടിയുമായി നരേന്ദ്രമോദി ഗവൺമെന്റ് മുന്നോട്ട് നീങ്ങുകയാണെന്ന് അമിത് ഷാ വ്യക്തമാക്കി. ഭീകരാക്രമണങ്ങളെ നേരിടാൻ പൊതു തയ്യാറെടുപ്പുകൾ ഏകോപിപ്പിക്കുന്നത് വഴി സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

പഹൽഗാം ഭീകരാക്രമണം, ഡൽഹി സ്ഫോടനം തുടങ്ങിയ വിഷയങ്ങളിൽ NIA നടത്തിയ അന്വേഷണം മികച്ച പ്രകടനത്തിന് ഉത്തമ ഉദാഹരണമാണെന്ന് അമിത് ഷാ പറഞ്ഞു. ഓപ്പറേഷൻ സിന്ദൂറിലൂടെ പഹൽഗാം ഭീകരാക്രമണം ആസൂത്രണം ചെയ്തവരേയും, അത് നടപ്പിലാക്കിയവരെ ഓപ്പറേഷൻ മഹാദേവിലൂടെയും ഇല്ലായ്മ ചെയ്തെന്ന് ആഭ്യന്തര മന്ത്രി വെളിപ്പെടുത്തി. ഭീകര വിരുദ്ധ പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെച്ച ഒമ്പത് NIA ഉദ്യോഗസ്ഥർക്ക് സേവാ പതക്കും, വീരതാ പതക്കും അമിത് ഷാ സമ്മാനിച്ചു.

✪✪✪

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരെയും വൈസ് പ്രസിഡന്റുമാരെയും ഇന്ന് തെരഞ്ഞെടുക്കും. പ്രസിഡന്റുമാരെ രാവിലെ പത്തരയ്ക്കും, വൈസ് പ്രസിഡന്റുമാരെ ഉച്ചക്ക് കഴിഞ്ഞ് രണ്ടരയ്ക്കുമാണ് തെരഞ്ഞെടുക്കുന്നത്.

ജില്ലാ പഞ്ചായത്തിൽ  ജില്ലാ കലക്ടറും, ഗ്രാമ- ബ്ലോക്ക് പഞ്ചായത്തുകളിലും അതത് സ്ഥാപനങ്ങളിലെ വരണാധികാരികളുമാണ് തിരഞ്ഞെടുപ്പ് നിയന്ത്രിക്കുന്നത്.

✪✪✪

കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേക്ക് LDF സ്ഥാനാർത്ഥിയായി പെരളശ്ശേരി ഡിവിഷനിൽ നിന്ന് വിജയിച്ച ബിനോയ് കുര്യനും , വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് പാട്യം ഡിവിഷനിൽ നിന്ന് വിജയിച്ച T ഷബ്നയും മത്സരിക്കും.

✪✪✪

തൃശൂർ കോർപ്പറേഷൻ കൗൺസിലറും മഹിളാ കോൺഗ്രസ് നേതാവുമായ ലാലി ജെയിംസിനെ  പാർട്ടിയിൽ നിന്ന് സസ്പെൻഡ് ചെയ്തു. ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി.

DCC പ്രസിഡന്റിനും കോൺഗ്രസ് നേതാക്കൾക്കുമെതിരെ അഴിമതി ആരോപണങ്ങൾ ഉന്നയിച്ചതിനെ തുടർന്നാണ് നടപടി.

✪✪✪

കോൺഗ്രസ് പ്രവർത്തക സമിതി യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് പകരംകൊണ്ടുവന്ന വികസിത് ഭാരത് G-RAM-G നിയമത്തിനെതിരായ പ്രക്ഷോഭത്തിന് യോഗം അന്തിമ രൂപം നൽകും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 ന് ആകാശവാണി, ദൂരദർശൻ ശൃംഖലകളിൽ. പരിപാടിയുടെ 129-ാം പതിപ്പാണിത്.

AIR ന്യൂസ് വെബ്സൈറ്റ്, ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പ് എന്നിവയ്ക്ക് പുറമെ ആകാശവാണി - ദൂരദർശൻ ന്യൂസ്, പ്രധാനമന്ത്രിയുടെ ഓഫീസ്, I & B മന്ത്രാലയം എന്നിവയുടെ യൂട്യൂബ് ചാനലുകളിലും പരിപാടി തത്സമയം ലഭ്യമാണ്. പ്രധാനമന്ത്രിയുടെ പ്രഭാഷണത്തിന് ശേഷം പ്രാദേശിക ഭാഷാ പരിഭാഷയും ആകാശവാണി പ്രക്ഷേപണം ചെയ്യും. രാത്രി എട്ടിന് ഇതിന്റെ പുനഃപ്രക്ഷേപണവും ഉണ്ടായിരിക്കും.

✪✪✪

ശബരിമലയിൽ മണ്ഡലകാലം ഇന്നു സമാപിക്കും. സന്നിധാനത്തെ പ്രധാന ചടങ്ങായ മണ്ഡലപൂജ രാവിലെയാണ്.

ശ്രീജി S ശ്രീധറിന്റെ റിപ്പോർട്ട്...

....വോയ്സ്.....

41ദിനം നീളുന്ന മണ്ഡലകാലത്തിനു സമാപനംകുറിച്ച് ഇന്നു രാത്രി 11 ന് ശബരിമല നട അടയ്ക്കും. മണ്ഡലകാലത്തെ ഏറ്റവും പ്രധാന പൂജയായ മണ്ഡലപൂജ തന്ത്രിയുടെയും മേൽശാന്തിയുടെയും സാന്നിധ്യത്തിൽ ഇന്നു രാവിലെ 10.10 നും 11.30നും മധ്യേ നടക്കും. മണ്ഡലപൂജക്ക് തങ്കയങ്കിചാർത്തിയ അയ്യനെകാണ്ടുതൊഴാൻ ഭക്തർ ക്ഷമയോടെ കാത്തുനിൽക്കുന്നകാഴ്ച സന്നിധാനത്ത് കാണാനാകും. തിരക്കൊഴിവാക്കുന്നതിന്റെ ഭാഗമായി ഇന്ന് 35000 തീർഥാടകർക്ക് വെർച്വൽ ക്യൂ ദർശനവും  സ്പോട്ട് ബുക്കിംഗ് 2000 ആയി നിജപ്പെടുത്തിയിട്ടുമുണ്ട്. ഇന്ന് രാവിലെ 9.30ഓടെ ഈ മണ്ഡലകാലത്തെ നെയ്യഭിഷേകത്തിനു സമാപനമാകും. ഇന്ന് രാത്രി നടയടച്ചാൽ  മകരവിളക്ക് മഹോത്സവത്തിനായി ഈ മാസം 30-ന് വൈകുന്നേരം അഞ്ചിനു നട വീണ്ടും തുറക്കും. ജനുവരി 11 ന് എരുമേലി പെട്ടതുള്ളൽ നടക്കും.

പന്തളത്തുനിന്നും തിരുവാഭരണഘോഷയാത്ര ജനുവരി 12ന് സന്നിധാനത്തേയ്ക്ക് തിരിച്ച് 14 ന് വൈകിട്ട് സന്നിധാനത്തെത്തും. മകരസംക്രാന്തി നാളായ ജനുവരി 14ന് വൈകിട്ട് തിരുവാഭരണം ചാർത്തി സ്വാമിക്ക് മഹാ ദീപാരാധനയും മകരവിളക്കും നടക്കും.

✪✪✪

ഇന്ത്യ- ശ്രീലങ്ക വനിതാ ട്വന്റി 20 ക്രിക്കറ്റ് പരമ്പര ഇന്ത്യക്ക്. തിരുവനന്തപുരത്ത് മൂന്നാം മത്സരത്തിൽ ശ്രീലങ്കയെ എട്ടു വിക്കറ്റിനു തകർത്താണ് ഇന്ത്യയുടെ പരമ്പര നേട്ടം. തിരുവന്തപുരത്ത് രണ്ടു മൽസരം കൂടി ശേഷിക്കുന്നുണ്ട്.

തിരുവനന്തപുരത്ത് നിന്ന് സ്മിതി M പള്ളുരുത്തി...

........വോയ്സ്...........

ടോസ് നേടിയ ശേഷം ശ്രീലങ്കയെ ബാറ്റിങിന് അയച്ച ഇന്ത്യൻ കാപ്റ്റൻ ഹർമൻ പ്രീത് കൗറിന്റെ തീരുമാനം ശരിവെക്കുന്നതായിരുന്നു തുടക്കം മുതൽ ബൗളർമാരുടെ പ്രകടനം. സ്കോർ 25-ൽ എത്തിയപ്പോൾ തന്നെ ക്യാപ്റ്റൻ ചമാരി അട്ടപ്പട്ടുവിനെ മടക്കി അയച്ച്  ദീപ്തി ശർമ വിക്കറ്റ് വേട്ടയ്ക്കു തുടക്കം കുറിച്ചു.  ദീപ്തി ശർമ മൂന്നു വിക്കറ്റും രേണുക സിങ് നാലു വിക്കറ്റും വീഴ്ത്തി. ശ്രീലങ്കൻ സ്കോർ  നിശ്ചിത ഇരുപത് ഓവറിൽ 112 റൺസിൽ ഒതുങ്ങുകയും ചെയ്തു.

ആദ്യ ഓവറിലെ നാലാം പന്തു തന്നെ സിക്സറിലേക്കു പായിച്ച ഷഫാലി വർമ്മ ഇന്ത്യൻ ബാറ്റിങ്ങിന്റെ നെടും തൂണായി. പതിന്നാലാം ഓവറിലെ രണ്ടാമത്തെ ബോൾ സിക്സറടിച്ച് ഇന്ത്യയെ വിജയത്തിലേക്കു നയിക്കുമ്പോൾ ഷഫാലി വർമ്മ 42 ബോളിൽ 79 റൺ എന്ന നിലയിലായിരുന്നു. നാലു വിക്കറ്റ് നേടിയ രേണുകയാണ് കളിയിലെ താരം.

✪✪✪

ബേപ്പൂർ വാട്ടർ ഫെസ്റ്റും ബേപ്പൂർ നിയോജക മണ്ഡലത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളും അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന നിലയിലേക്ക് മാറിയതായി മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. നാടിന്റെ നീണ്ട കാലത്തെയും ആവശ്യമായ ചെറുവണ്ണൂർ മേൽപ്പാലത്തിലൂടെയാകും അടുത്ത വാട്ടർ ഫെസ്റ്റിനായി ആളുകളെത്തുകയെന്നും മീഞ്ചന്ത മേൽപ്പാല ത്തിന്റെയും ബേപ്പൂർ എക്സ്ട്രാ ഡോസ് പാലത്തിന്റെയും നിർമാണം അടുത്ത വർഷം ആരംഭിക്കുമെന്ന് മന്ത്രി അറിയിച്ചു.

ഉദ്ഘാടനത്തിന് മുന്നോടിയായി വർണശബളമായ ഘോഷയാത്ര കയർ ഫാക്ടറി പരിസരത്തുനിന്ന് ആരംഭിച്ച് ബേപ്പൂർ മറീനയിൽ അവസാനിച്ചു.

✪✪✪

ജനങ്ങൾ ആഗ്രഹിക്കുന്നത് കാര്യക്ഷമതയും വികസനവുമാണെന്നും, ജനവികാരത്തിനൊപ്പം നിന്നാലേ ജനപ്രതിനിധികൾക്ക് വിജയം നിലനിർത്താനാകൂ എന്നും AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ പറഞ്ഞു. കൊല്ലം മേയറായി തെരഞ്ഞെടുത്ത AK ഹഫീസിനും, ഡെപ്യൂട്ടി മേയർ ഡോ. ഉദയാ സുകുമാരനും പൗരാവലി ഒരുക്കിയ സ്വീകരണസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു വേണുഗോപാൽ.

✪✪✪

പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നടപ്പാക്കുന്ന 'ഉന്നതി വിജ്ഞാന കേരളം' തൊഴിൽ പരിശീലന പദ്ധതി കോഴിക്കോട് മരുതോങ്കരയിൽ വൈകിട്ട് മന്ത്രി OR കേളു ഉദ്ഘാടനം ചെയ്യും. പട്ടികജാതി, പട്ടികവർഗ്ഗ പിന്നോക്ക വികസന വകുപ്പും K - ഡിസ്കും വിജ്ഞാനകേരളവും ചേർന്ന് ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രത്യേക പദ്ധതിയാണ് 'ഉന്നതി -വിജ്ഞാന കേരളം.

ഇന്റേൺഷിപ്പുകൾ, തൊഴിൽ, അപ്രന്റീസ് ഷിപ്പുകൾ എന്നിവ വഴി അടുത്ത മാർച്ച് 31നകം 10,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം

✪✪✪

മലപ്പുറം കളക്ടറേറ്റിനു മുന്നിൽ ആദിവാസി ഭൂസമരസമിതിയുടെ രണ്ടാം ഭൂസമരം ഇന്നലെ അവസാനിപ്പിച്ചു. 221 ദിവസമായി സമരം തുടരുകയായിരുന്നു. ഭൂമിക്കു വേണ്ടി ഇനി കോടതിയിൽ പോരാട്ടം തുടരുമെന്ന് സമരസമിതി നേതാവ് ബിന്ദു വൈലാശ്ശേരി പറഞ്ഞു.

✪✪✪

എൺപത്തി നാലാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസ് നാളെ തലശ്ശേരി ഗവൺമെൻറ് ബ്രണ്ണൻ കോളേജിൽ ആരംഭിക്കും. രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 30 നാണ് സമാപന ചടങ്ങ്.

✪✪✪

പട്ടികവർഗ വികസന വകുപ്പിന്റെ മോഡൽ റെസിഡൻഷ്യൽ സ്കൂൾ വിദ്യാർഥികളുടെ സംസ്ഥാനതല കലാമേള - സർഗോത്സവം 2025 നാളെ കണ്ണൂരിൽ ആരംഭിക്കും. 1500 ലധികം വിദ്യാർഥികൾ പങ്കെടുക്കുന്ന കലാമേള നാളെ വൈകിട്ട് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂർ കൂത്തുപറമ്പിനടുത്ത് നീർവേലിയിൽ ഒരു വീട്ടിൽ മൂന്ന് പേരെ മരിച്ച നിലയിൽ കണ്ടെത്തി. ചെറുമകന്റെ മരണത്തെ തുടർന്നുണ്ടായ വിഷമത്തിൽ മറ്റു രണ്ടുപേർ മരിച്ചു എന്നാണ് വിവരം.

✪✪✪

പത്തനംതിട്ട കുറ്റൂർ ഗ്രാമ പഞ്ചായത്തിലെ UDF അംഗം രവി ഹൃദയാഘാതത്തെ തുടർന്ന് മരിച്ചു. പഞ്ചായത്തിലെ മുതിർന്ന അംഗമെന്ന നിലയിൽ മറ്റ് അംഗങ്ങൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തത് രവിയായിരുന്നു.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs :ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*